# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ റോച്ച് ( 1295-1327)




മഹാഭാരതത്തിലെ കർണ്ണൻ എന്ന കഥാപാത്രത്തെക്കുറിച്ച് കേട്ടിട്ടില്ലേ? കവചകുണ്ഡലങ്ങളുമായി പിറന്ന വീരനാണ് കർണ്ണൻ. ജനിച്ചപ്പോൾ തന്നെ ശരീരത്തിൽ കവചം ഉണ്ടായിരുന്നു. കാതുകളിൽ കുണ്ഡലങ്ങളും. പതിമൂന്നാം നൂറ്റാണ്ടിൽ ഫ്രാൻസിസിൽ ജനിച്ച റോച്ച് എന്ന വിശുദ്ധനു ജനിക്കുമ്പോൾ തന്നെ നെഞ്ചിൽ ഒരു കുരിശുണ്ടായിരുന്നു. കുരിശടയാളം പോലൊരു ചുവന്ന പാട്. ഒരു ചുവന്ന കുരിശുപോലെ അത് കാണുന്നവർക്ക് അനുഭവപ്പെട്ടു.

പാവങ്ങളെയും രോഗികളെയും സ്നേഹിക്കുകയും അവർക്കുവേണ്ടി ജീവിക്കുകയും ചെയ്തിരുന്ന റോച്ച് ഇരുപതാം വയസ്സുവരെ മാതാപിതാക്കൾക്കൊപ്പമാണ് ജീവിച്ചത്. മാതാപിതാക്കളുടെ മരണശേഷം റോച്ച് തന്റെ സമ്പാദ്യം മുഴുവൻ വിറ്റ് പാവങ്ങൾക്കു വീതിച്ചുകൊടുത്തു. പിന്നീട് തീർത്ഥാടകനായി അലഞ്ഞു. ഭിക്ഷക്കാർക്കും രോഗികൾക്കുമൊപ്പം ഉറങ്ങി. അവർക്കൊപ്പം ഭിക്ഷയാചിച്ച് ജീവിച്ചു. പ്ലേഗ് രോഗം പടർന്നു പിടിച്ചപ്പോൾ രോഗികളെ സഹായിക്കുവാനും ശുശ്രൂഷിക്കുവാനും ആരും തയ്യാറായിരുന്നില്ല. രോഗം പടരുമെന്നുള്ള ഭീതിമൂലം പ്ലേഗ് ബാധിച്ചവരെ അകറ്റിനിർത്താൻ എല്ലാവരും ശ്രദ്ധിച്ചിരുന്നു. എന്നാൽ റോച്ച് ശ്രദ്ധവച്ചത് അവരെ ശുശ്രൂഷിക്കാനായിരുന്നു. തീർത്ഥാടനത്തിനിടയ്ക്ക് റോച്ച് പ്ലേഗ് പടർന്നുപിടിച്ച ഒരു സ്ഥലത്ത് എത്തി. അവർക്കൊപ്പം പിന്നെ അദ്ദേഹം ജീവിച്ചു. അവരുടെ വേദനകളിൽ ആശ്വാസവുമായി അദ്ദേഹം എപ്പോഴും കൂടെനിന്നു. അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. മരണം അടുത്തവർക്ക് രോഗീലേപന ശുശ്രൂഷ നടത്തി. നിരവധി രോഗികൾക്ക് റോച്ചിന്റെ പ്രാർത്ഥനയിൽ സൗഖ്യം കിട്ടി.

ഒടുവിൽ റോച്ചും പ്ലേഗ് ബാധിതനായി. അദ്ദേഹം സമീപത്തുള്ള ഒരു വനത്തിലേക്ക് ഏകനായി പോയി. പിന്നീട് അവിടെയാണ് അദ്ദേഹം കഴിഞ്ഞത്. റോച്ച് കാട്ടിനുള്ളിലേക്ക് പോയപ്പോൾ ഒരു നായ അദ്ദേഹത്തെ പിന്തുടർന്നു. കാട്ടിനുള്ളിൽ ആ നായയായിരുന്നു റോച്ചിന്റെ കൂട്ടുകാരൻ. എന്നും എവിടെയെങ്കിലും പോയി റോച്ചിനുള്ള ഭക്ഷണവുമായി നായ വരുമായിരുന്നു. നായയുടെ ശുശ്രൂഷയിൽ റോച്ച് വേഗം ജീവിതത്തിലേക്ക് തിരിച്ചുവന്നു. അദ്ദേഹത്തിന്റെ രോഗം അത്ഭുതകരമായി സുഖപ്പെട്ടു. കാട്ടിനുള്ളിൽ നിന്ന് തിരിച്ചുപോയി. ഫ്രാൻസിൽ തിരിച്ചെത്തിയപ്പോൾ ചാരൻ എന്ന പേരിൽ റോച്ചിനെ അറസ്റ്റ് ചെയ്തു. അഞ്ചുവർഷങ്ങളോളം അദ്ദേഹം ജയിലിൽ കിടന്നു. ഒരു പ്രഭുകുടുംബത്തിൽ ജനിച്ച റോച്ചിനു തന്റെ കുടുംബപാരമ്പര്യം പറഞ്ഞാൽ എളുപ്പത്തിൽ രക്ഷപെടാമായിരുന്നു. പക്ഷെ മരണം

വരെയും അദ്ദേഹം അതു ചെയ്തില്ല.

വിശുദ്ധ റോച്ച്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...